(സി) വിവിധ വകുപ്പുകളും വകുപ്പ് ഉദ്യോഗസ്ഥന്മാരും ടി. പി. അക്കൗണ്ട് പാസ് ബുക്ക് 31-7-2003-നു മുമ്പ് ട്രഷറികളിൽ ഹാജരാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ട്രഷറികളിൽ ശേഖരിച്ചു വരികയാണ്.

(ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

ഓൺലൈൻ ലോട്ടറി സ്വകാര്യമേഖലയ്ക്ക് നൽകുവാനുള്ള നീക്കം

22 (2470) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന ഓൺലൈൻ ലോട്ടറി സ്വകാര്യ മേഖലയ്ക്ക് നൽകുവാൻ നീക്കമുണ്ടോ ; ഉണ്ടെങ്കിൽ ആയതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ;

(ബി) ഓൺലൈൻ ലോട്ടറി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി ആരംഭിക്കുന്നതിനുള്ള തീരുമാനമായെങ്കിലും ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന കരട് നിയമങ്ങൾക്ക് അന്തിമ രൂപം ആയിട്ടില്ല.

(ബി) ഇല്ല.

വ്യാജ ഒറ്റനമ്പർ ലോട്ടറി വില്പനയ്ക്കെതിരെ നടപടി

23 (2471) ശ്രീമതി മേഴ്സി രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വ്യാജ ഒറ്റ നമ്പർ ലോട്ടറി വില്പന നടത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലോക്കൽ ഫണ്ട് ആഡിറ്റ്

24 (2472) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തിയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly